# DDP-TSR/934/2020-R

തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശ്ശൂർ-680003
തിയതി.**11.03.2020**
ഫോൺ നമ്പർ **-0487 2360616**

**ക്വട്ടേഷൻ പരസ്യം**

തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറി/മറ്റ വാഹനങ്ങൾ എന്നിവയിൽ **GPS** ഘടിപ്പിച്ച് ജില്ലാതല റവന്യൂ അധികാരികൾ ഉൾപ്പെടെയുള്ളവർക്ക് കുടിവെള്ള വിതരണം നിരീക്ഷിക്കുന്നതിനുള്ള **GPS** ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും, **GPS** ഡിവൈസുകൾ ഗ്രാമപഞ്ചായത്തുകൾക്ക് നിശ്ചിത തുകയ്ക്ക് നൽകുന്നതിനും പരിചയ സമ്പന്നരായ അംഗീകൃത സ്ഥാപനങ്ങൾ, വ്യക്തികൾ, മറ്റ് സേവനദാതാക്കൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. അംഗീകൃത സ്ഥാപനങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ഒരു വാഹനത്തിൽ **GPS** സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരു മാസത്തേക്കുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ഇളവുകൾ ഉണ്ടെങ്കിൽ ആയത് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. **GPS** ട്രാക്കിംഗ് സംവിധാനം ഘടിപ്പിക്കുന്നതിനും **GPS** ഡിവൈസ് വിൽപ്പന നടത്തുന്നതിനുമുള്ള നിരക്കുകൾ ക്വട്ടേഷനിൽ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പേര് ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതായിരിക്കും. ഈ സ്ഥാപനവുമായി നിയമാനുസരണമുള്ള കരാറിൽ ഏർപ്പെടുന്നതും, **GPS** ഘടിപ്പിക്കുന്നതിന്റെയും **GPS** ഡിവൈസ് വിതരണം ചെയ്യുന്നതിന്റെയും തുക അനുവദിക്കുന്നതും ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നതും ഗ്രാമപഞ്ചായത്തുകളായിരിക്കും. ഈ മേഖലയിലുള്ള പരിചയ സമ്പന്നത സംബന്ധിച്ച രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കാവുന്നതാണ്.

ക്വട്ടേഷൻ തൃശ്ശൂർ കളക്ടേറ്റിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ **16.03.2020** ന് **3. PM** നകം സമർപ്പിക്കേണ്ടതാണ്. ലഭ്യമാകുന്ന ക്വട്ടേഷനുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ഓഫീസിൽ അന്നേ ദിവസം **4 PM** ന് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഈ ക്വട്ടേഷന് നിലവിലുള്ള സർക്കാർ ഉത്തരവുകളും വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണ്. **16.03.2020**.ന് അവധി ഉണ്ടായിരിക്കുന്ന പക്ഷം തുടർനടപടികൾ തൊട്ടടുത്ത പ്രവർത്തി ദിവസം നടത്തുന്നതായിരിക്കും. ക്വട്ടേഷൻ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനുള്ള അധികാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**(ഒപ്പ്)**

**ജോയി ജോൺ**
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തൃശ്ശൂർ